# യോഹന്നാന്റെ ജീവപഠനം

## ദൂത് പതിനൊന്ന്

## ദുർന്നടപ്പുകാർക്ക് വേണ്ടത് ജീവന്റെ സംതൃപ്തി

## (1)

ഈ ദൂതിൽ നാം യോഹന്നാൻ 4-ാം അദ്ധ്യായത്തിലെ ശമര്യക്കാരി സ്ത്രീയുടെ വിഷയത്തിലേക്ക് വരുന്നു. ഒമ്പത് വിഷയങ്ങളിൽ ഇത് രണ്ടാമത്തേതാണ്. മൂന്നാം അദ്ധ്യായത്തിലെ നിക്കോദേമൊസിന്റെ വിഷയവും ഇതും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. നിക്കോദേമൊസ് ഉന്നതനിലവാരമുള്ള ഒരു സന്മാർഗ്ഗി ആയിരുന്നു. ശമര്യക്കാരി സ്ത്രീ അസന്മാർഗ്ഗിയും താണ നിലവാരമുള്ളവളും ആയിരുന്നു. ഒന്നാമത്തെ വിഷയം ഉന്നതനേട്ടങ്ങൾ ഉള്ള ഒരു പുരുഷനെ കാണിക്കുന്നു, എന്നാൽ രണ്ടാമത്തെ വിഷയം ദുർവൃത്തയായ ഒരു സ്ത്രീയെ കാണിക്കുന്നു. ആ പുരുഷൻ ഒരു യെഹൂദനും, എന്നാൽ സ്ത്രീ ഒരു ശമര്യക്കാരിയും ആയിരുന്നു. യെഹൂദമതം വളരെ കുറ്റമറ്റതും ശരിയായതും യഥാർത്ഥവും വാസ്തവമായതും ആയിരുന്നു. എന്നാൽ ശമര്യരുടെ മതം വ്യാജവും വളരെ ജീർണ്ണിച്ചതും ആയിരുന്നു. കർത്താവ് ആ പുരുഷനോട് സംസാരിച്ചത് രാത്രിയിലും, സ്ത്രീയോട് സംസാരിച്ചത് മദ്ധ്യാഹ്നത്തിലും ആയിരുന്നു എന്നത് കൗതുകകരമാണ്. രാത്രിയിൽ അവൻ കർത്താവിന്റെ അടുക്കൽ വന്നു. പകൽ സമയം കർത്താവ് സ്ത്രീയുടെ അടുക്കൽ ചെന്നു. കർത്താവ് ആ പുരുഷനോട് സംസാരിച്ചത് ഒരു വീട്ടിലോ കെട്ടിടത്തിലോ വച്ച് ആയിരുന്നു. എന്നാൽ അവൻ സ്ത്രീയോട് സംസാരിച്ചത് തുറന്ന സ്ഥലത്ത് വച്ച് ആയിരുന്നു.

നിക്കോദേമൊസിന്റെ കാര്യത്തിൽ മനുഷ്യന്റെ ഒന്നാമത്തെ ആവശ്യം വിവരിച്ചിരിക്കുന്നു. ആത്മീയ അനുഭവപ്രകാരം മാനവജാതിയുടെ ഒന്നാമത്തെ ആവശ്യം വീണ്ടുംജനനമാണ്. വീണ്ടുംജനനം

ആണ് ദൈവവ്യവസ്ഥയിൽ മനുഷ്യന്റെ ഒന്നാമത്തെ ആവശ്യം. ദൈവ വ്യവസ്ഥ എന്നാൽ അവന്റെ അനാദിനിർണയം നിറവേറ്റുന്നതിനും സാധിക്കുന്നതിനും മനുഷ്യന് ദിവ്യജീവനുണ്ടാകുക എന്നതും, ജീവ നിലും സ്വഭാവത്തിലും മനുഷ്യൻ ദൈവത്തോട് ഒന്നാകുക എന്നതു മാണ്. ദൈവത്തിന്റെ അനാദിനിർണയം അവന്റെ സംഘാത ആവി ഷ്കാരമാകേണ്ടതിന് തന്റെ ദിവ്യജീവനാൽ വീണ്ടുംജനിപ്പിച്ചവരും, ജീവനിലും സ്വഭാവത്തിലും തന്നെപ്പോലെതന്നെ ആയിരിക്കുന്നവരു മായ ഒരു കൂട്ടം ആളുകൾ ഉണ്ടായിരിക്കുക എന്നതാണ്. ഇതാണ് ദൈവവ്യവസ്ഥയും ദൈവത്തിന്റെ അനാദിനിർണയവും. ഈ ഉദ്ദേ ശ്യം സാധിക്കുന്നതിനുവേണ്ടി നമുക്ക് അവന്റെ ദിവ്യജീവനുണ്ടാകു വാൻ നാം വീണ്ടുംജനിക്കണം.

ദൈവരാജ്യത്തിലേക്കുള്ള പ്രവേശനം ഒരിക്കലും പ്രവൃത്തികളാ ലല്ല, ജനനത്താൽ മാത്രമാണ്. ഉദാഹരണത്തിന് ഒരു പക്ഷി, പക്ഷി യുടെ രാജ്യത്തിൽ ആയിരിക്കുന്നത് ജനനത്താലാണ്. ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തിയാൽ ഒരു മത്സ്യത്തിന് പക്ഷിയുടെ രാജ്യ ത്തിലേക്ക് പ്രവേശിക്കുവാൻ ഒരിക്കലും കഴിയുകയില്ല. ഏതു തരത്തിലുള്ള രാജ്യത്തിലേക്കുമുള്ള പ്രവേശനം ഒരു പ്രത്യേക തരം ജനനത്തിലൂടെ മാത്രമേ നിങ്ങൾക്ക് സാധിക്കുകയുള്ളൂ. അതുകൊണ്ട്, കർത്താവ് നമ്മുടെ ജീവൻ ആകുന്നതിന്റെ ഒന്നാമത്തെ വശം ദിവ്യ ജനനത്താൽ അവൻ നമുക്ക് ദിവ്യജീവൻ തരുന്നു എന്നതാണ്. ദൈവ രാജ്യത്തിലെ കാര്യങ്ങൾ പങ്കുവയ്ക്കുവാൻ നമുക്ക് ഇത് മാത്രമാണ് വഴി.

എന്താണ് മനുഷ്യന്റെ രണ്ടാമത്തെ ആവശ്യം? വീണ്ടുംജനനത്തിനു ശേഷം അവന്റെ ആവശ്യം എന്താണ്? രണ്ടാമത്തെ ആവശ്യം സംതൃ പ്തിയാണ്. മൂന്നാം അധ്യായത്തിൽ മനുഷ്യന് ദിവ്യജീവൻ ഇല്ല എന്ന തായിരുന്നു പ്രശ്നം. നിങ്ങൾ എത്ര നല്ലവനും ഉന്നതനും ആയിരു ന്നാലും, ദൈവത്തിന്റെ അനാദിനിർണയത്തെ സംബന്ധിച്ചിടത്തോളം ഇവ ഒന്നുമല്ല. വീണ്ടുംജനിക്കാത്തിടത്തോളം കാലം നിങ്ങൾക്ക് ദിവ്യ ജീവനില്ല. നിങ്ങൾക്ക് മനുഷ്യജീവൻ മാത്രമേയുള്ളൂ. മനുഷ്യജീവൻ ദിവ്യജീവൻ ഉൾക്കൊള്ളുവാനുള്ള ഒരു പാത്രം മാത്രമാണ്. നിങ്ങൾക്ക് ദിവ്യജീവൻ ഇല്ലെങ്കിൽ നിങ്ങൾ ഒഴിഞ്ഞവനാണ്. നിങ്ങൾ ഒരു ഒഴിഞ്ഞ പാത്രം മാത്രമാണ്. നിങ്ങളുടെ മനുഷ്യജീവൻ അത്ഭുതം നിറഞ്ഞതായിരുന്നാലും നിങ്ങൾക്ക് ദിവ്യജീവനില്ല. ദിവ്യജീവൻ ദൈവം തന്നെയാണ്. നിങ്ങളുടെ ഉൾനിറവായി നിങ്ങളെ നിറയ്ക്കു വാൻ നിങ്ങൾക്ക് ഈ ദിവ്യജീവൻ ആവശ്യമാണ്. നിങ്ങളുടെ മനു ഷ്യജീവൻ ഈ ദിവ്യജീവൻ ഉൾകൊള്ളുവാനുള്ള ഒരു സ്വീക രണിയാണ്. ഈ ദിവ്യജീവൻ നിങ്ങളിൽ ഉള്ളപ്പോൾ അത് നിങ്ങ ളുടെ നിറവായിത്തീരുന്നു. നിങ്ങളുടെ ഉൾനിറവെന്ന നിലയിൽ അത്

നിങ്ങളുടെ സംതൃപ്തിയും ആകുന്നു. നാം രക്ഷിക്കപ്പെടുന്നതിനു മുമ്പ് നമുക്ക് എല്ലാവർക്കും ശൂന്യതയുടെ അനുഭവം ഉണ്ടായിരുന്നു. വിജയമോ നേട്ടങ്ങളോ ഉണ്ടായിരുന്നിട്ടും, ഉള്ളിൽ തുടർച്ചയായ ഒരു ശൂന്യത, അതൃപ്തിയുടെ അനുഭവം ഉണ്ടായിരുന്നു. നാം നല്ലവരോ കൊള്ളാത്തവരോ ആയിരുന്നാലും, നാം ഒഴിഞ്ഞവരായിരുന്നു. നമുക്ക് സ്വീകരണി, പാത്രം ഉണ്ടായിരുന്നുവെങ്കിലും നമുക്ക് ഉൾനിറവില്ലായിരുന്നു. നാം ഒഴിഞ്ഞവരായിരുന്നു. ചെറുപ്പക്കാർ, വൃദ്ധർ, സമ്പന്നർ, പാവങ്ങൾ, ഉന്നതർ, താണവർ എല്ലാവരും ഒഴിഞ്ഞവരാണ്. ഒരു ദിവസം നാം കർത്താവായ യേശുവിനെ സ്വീകരിച്ചു. നാം ദൈവത്തിന്റെ രക്ഷ പ്രാപിച്ചു എന്നു മാത്രമല്ല, നമുക്ക് ദിവ്യജീവനും ലഭിച്ചു. അത് ഉടനേതന്നെ നമ്മുടെ ഉൾനിറവായിത്തീരുകയും ചെയ്തു. ഇപ്പോൾ നമുക്ക് സംതൃപ്തിയുണ്ട്. അതുകൊണ്ട് വീണ്ടുംജനനത്തിന്റെ ആവശ്യം കാണിക്കുന്ന വിഷയത്തിനുശേഷം, യഥാർത്ഥ സംതൃപ്തിയെ കാണിക്കുന്ന ഒരു വിഷയം ഉണ്ട്. ക്രിസ്തുവിന് അല്ലാതെ മറ്റൊന്നിനും മനുഷ്യനെ തൃപ്തനാക്കുവാൻ കഴിയുകയില്ല. നമ്മുടെ മനുഷ്യജീവന്റെ സംതൃപ്തിയായി ക്രിസ്തു ഇല്ലാത്തിടത്തോളം മറ്റൊന്നിനും നമ്മെ തൃപ്തരാക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിനെ കൂടാതെ സംതൃപ്തി ഇല്ല. മനുഷ്യർ എന്ന നിലയിൽ, നമുക്ക് എല്ലായ്പ്പോഴും ദാഹം അനുഭവപ്പെടുന്നു. ക്രിസ്തുവിനു മാത്രമേ നമ്മുടെ ദാഹം ശമിപ്പിക്കുവാൻ കഴിയൂ.

## I. ദാഹിക്കുന്ന ഒരു രക്ഷകനും ദാഹിക്കുന്ന ഒരു പാപിയും

ശമര്യക്കാരി സ്ത്രീയുടെ കാര്യം ക്രിസ്തുവാണ് യഥാർത്ഥ സംതൃപ്തി എന്ന് വെളിപ്പെടുത്തുന്നു. നിക്കോദേമൊസ് ശുദ്ധരക്തമുള്ള യെഹൂദനായിരുന്നപ്പോൾ, ശമര്യക്കാരി സ്ത്രീ, കലർന്ന രക്തമുള്ളവൾ ആയിരുന്നു. അവളുമായി ബന്ധപ്പെട്ടതെല്ലാം ഒരു തകർച്ചയായിരുന്നു. ഒന്നും ശുദ്ധമോ നല്ലതോ ആയിരുന്നില്ല. ശമര്യക്കാർ യാക്കോബിന്റെ പിൻതുടർച്ചക്കാരെന്ന് അവകാശപ്പെട്ടിരുന്നു. ഏറിയ അളവിൽ അവർ കലർന്ന രക്തത്താൽ അവന്റെ പിൻതുടർച്ചക്കാരായിരുന്നു. നിക്കോദേമൊസിന്റെ പേര് വെളിപ്പെടുത്തപ്പെട്ടപ്പോഴും, ആർക്കും ശമര്യക്കാരി സ്ത്രീയുടെ പേരറിയില്ല. കാരണം അവൾ നിന്ദിതയും അധമയും ആയിരുന്നു. വേദപുസ്തകം അവളുടെ പേര് വെളിപ്പെടുത്തുന്നില്ല. അവൾ മൊത്തത്തിൽ ഒരു കലർപ്പായിരുന്നു. എല്ലാ ദൃഷ്ടാന്തങ്ങളിലും വച്ച് അവൾ അസാധാരണമായ ഒരു ദൃഷ്ടാന്തമായിരുന്നു. നിങ്ങൾ വേദപുസ്തകം ശ്രദ്ധാപൂർവ്വം വായിക്കുകയാണെങ്കിൽ, അവളെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും അസാധാരണമായിരുന്നു എന്ന് നിങ്ങൾ കാണും. വെള്ളം കോരുവാൻ പുറ

ത്തേക്കുള്ള അവളുടെ വരവുപോലും അസാധാരണമായിരുന്നു. മദ്ധ്യ പൂർവ്വദേശത്തെ പതിവ് അനുസരിച്ച് സ്ത്രീകൾ ഉച്ചസമയത്തല്ല ഉച്ച കഴിഞ്ഞ് വൈകി വെള്ളം കോരുവാൻ വരുന്നു. സൂര്യൻ അസ്തമി ക്കാറാകുമ്പോൾ, സ്ത്രീകൾ വെള്ളം കോരുവാൻ കൂട്ടമായി വരുന്നു. എന്നാൽ ഈ ശമര്യക്കാരി സ്ത്രീ ഉച്ച സമയത്ത് തനിയേ വെള്ളം കോരുവാൻ വന്നു. അവൾ എന്തുകൊണ്ട് അപ്രകാരം ചെയ്തു? കാരണം അവൾക്ക് ദുഷ്പേര് ഉണ്ടായിരുന്നതുകൊണ്ട് ആരും അവ ളുമായി കൂട്ടുകൂടിയിരുന്നില്ല. തന്നെക്കുറിച്ചുള്ള സംസാരവും വിമർശനവും അവൾ ഭയപ്പെട്ടിരുന്നതുകൊണ്ടും, ഉച്ച കഴിഞ്ഞ് വൈകിയ സമയത്ത് മറ്റനേകംപേർ ഉണ്ടാകും എന്നതുകൊണ്ടും ആ സമയത്ത് വരുവാൻ അവൾ ധൈര്യപ്പെട്ടില്ല. മറ്റാരും വീടിനു പുറത്ത് ഇറങ്ങാത്ത, സൂര്യൻ ജ്വലിച്ചു നിൽക്കുന്ന, ഉച്ചസമയത്ത് അവൾ വന്നു. അവൾ ദരിദ്രയും അസന്മാർഗ്ഗിയും ആയിരുന്നു. അവൾക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നു. അവൾ ഭർത്താവല്ലാത്ത ഒരുവനോടു കൂടെ കഴിയുകയും ആയിരുന്നു. ആരും അവളെ ഗൗനിച്ചില്ല. അവൾക്കത് അറിയാമായിരുന്നതുകൊണ്ട് ആരും അവളെ കാണുക യില്ല എന്നു കരുതി, ആരുമില്ലാത്ത ഒരു സമയത്ത് അവൾ വെള്ളം കോരുവാൻ വന്നു.

ശമര്യക്കാരി സ്ത്രീയുടെ കാര്യത്തിൽ അനേകം അടയാളങ്ങൾ ഉണ്ട്. ഈ കാര്യം തന്നെ ഒരു അടയാളമാണ്; എന്നാൽ ഈ അടയാ ളത്തിനുള്ളിൽതന്നെ അനേകം അടയാളങ്ങൾ ഉണ്ട്. ക്രിസ്തുവാണ് നമ്മുടെ സംതൃപ്തി എന്ന് ഈ കാര്യംതന്നെ സൂചിപ്പിക്കുന്നു. പക്ഷേ, കാര്യത്തിനുള്ളിലെ ഒരു അടയാളം സ്ത്രീയാണ്.

തിരുവെഴുത്തുകളിലെ മുൻകുറികളും പ്രതിരൂപങ്ങളും അനുസ രിച്ച്, ഒരു സ്ത്രീ എന്തിനെ സൂചിപ്പിക്കുന്നു? ഒന്നാമത്, മനുഷ്യവർഗ്ഗ ത്തിന് ദൈവത്തിൽ ആശ്രയിക്കേണ്ട ആവശ്യമുണ്ടെന്ന് ഒരു സ്ത്രീ സൂചിപ്പിക്കുന്നു. മനുഷ്യന് ഒരിക്കലും തനിയെ നിൽക്കുവാൻ കഴി യുകയില്ല. അവന് തന്റെ സ്രഷ്ടാവും, ഭർത്താവും ആയ(യെശ.54:5) ദൈവത്തിൽ ആശ്രയിക്കേണ്ടിയിരിക്കുന്നു. സഹോദരന്മാരേ, നിങ്ങ ളോട് ഈ ചോദ്യം ചോദിക്കുവാൻ എന്നെ അനുവദിക്കുക: ദൈവ ത്തിന്റെ മുമ്പാകെയുള്ള നിങ്ങളുടെ നിൽപ്പ് ഒരു പുരുഷന്റേതോ അതോ ഒരു സ്ത്രീയുടേതോ? നിങ്ങൾ എന്നോട് ചോദിക്കുകയാ ണെങ്കിൽ ഞാൻ അറുപത് കഴിഞ്ഞ ഒരു പുരുഷനാണ് എന്നുവരി കിലും ദൈവമുമ്പാകെയുള്ള എന്റെ നിൽപ്പ് ഒരു സ്ത്രീയുടേതാണ് എന്ന് ഞാൻ തിരിച്ചറിയുന്നു എന്ന് പറയും. ദൈവമുമ്പാകെയുള്ള എന്റെ സ്ഥാനം ഒരു പുരുഷന്റേതല്ല, മറിച്ച് സ്ത്രീയുടേതാണ്. കാരണം, എനിക്ക് ഒരിക്കലും തനിയെ നിൽക്കുവാൻ കഴിയുകയില്ല. ആശ്രയിക്കുവാൻ എനിക്ക് ദൈവത്തെ ആവശ്യമാണ്. ഒരു സ്ത്രീ

സൂചിപ്പിക്കുന്നത് തനിയെ നിൽക്കുവാൻ കഴിയാത്ത ഒരു വ്യക്തിയെയാണ്. ഇതാണ് നിങ്ങളുടെയും എന്റെയും സ്ഥാനം. ബാഹ്യരൂപത്തിൽ, നാം പുരുഷന്മാരോ സ്ത്രീകളോ ആണ്, എന്നാൽ യഥാർത്ഥത്തിൽ നാമെല്ലാം സ്ത്രീകളാണ്. നമുക്കാർക്കും തനിയെ നിൽക്കുവാൻ കഴിയുകയില്ല. മനുഷ്യന് ഒരിക്കലും സ്വതന്ത്രനാകുവാൻ കഴിയുകയില്ല. ഇക്കാലത്ത് മനുഷ്യൻ സ്വാതന്ത്ര്യം പ്രഖ്യാപിക്കാറുണ്ട്. എന്നാൽ നിങ്ങൾക്കൊരിക്കലും സ്വതന്ത്രനാകുവാൻ കഴിയുകയില്ല എന്ന് എനിക്ക് നിങ്ങളോട് പറയേണ്ടിയിരിക്കുന്നു. ദൈവത്തിൽ ആശ്രയിക്കേണ്ടവരായിട്ടാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഒരാൾ സ്വതന്ത്രനാകുവാൻ ശ്രമിക്കുമ്പോളെല്ലാം അവൻ അസംതൃപ്തനാകും, കാരണം ജന്മനാ ആശ്രയം വേണ്ടുന്നവനായാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്.

ഒരു സ്ത്രീ ബലഹീനതയെയും സൂചിപ്പിക്കുന്നു(1 പത്രൊ.3:7). മനുഷ്യരായ നാമെല്ലാം ബലഹീനരാണെന്ന് നാം ഗ്രഹിക്കണം. നാമെല്ലാം ബലഹീനരാണ്, കാരണം നാമെല്ലാം മനുഷ്യരാണ്. നിങ്ങളുടെ ഭാര്യ ബലഹീനപാത്രവും നിങ്ങൾ ശക്തനുമാണെന്ന് ഒരിക്കലും ചിന്തിക്കരുത്. ആലങ്കാരികമായി, ഇത് ശരിയാകാമെങ്കിലും സത്യത്തിൽ സ്ത്രീയും പുരുഷനും ബലഹീനരാണ്. ആത്മീയ കാര്യങ്ങളെ സംബന്ധിച്ച പല വിഷയങ്ങളിലും സഹോദരന്മാർ സഹോദരിമാരെക്കാൾ ബലഹീനരാണ്. കർത്താവായ യേശു ഒറ്റിക്കൊടുക്കപ്പെടുവാനും കൊല്ലപ്പെടുവാനും സമയമായപ്പോൾ, പുതിയനിയമത്തിലെ സഹോദരിമാരായിരുന്നു സഹോദരന്മാരെക്കാൾ ശക്തർ. കർത്താവിന്റെ മരണത്തിന്റെയും ഉയിർപ്പിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും സമയത്ത് സഹോദരിമാർ വളരെ ശക്തരായിരുന്നു. കർത്താവിനെ സ്നേഹിക്കുന്നതിൽപോലും മറിയ ആയിരുന്നു ഏറ്റവും ശക്തിയുള്ളവൾ. അതുകൊണ്ട്, സഹോദരന്മാരേ, നിങ്ങൾ ഏറ്റവും ശക്തരാണെന്ന് അഭിമാനപൂർവ്വം ചിന്തിക്കരുത്. നാമെല്ലാം മനുഷ്യരും കർത്താവിൽ ആശ്രയിക്കത്തക്കവണ്ണം ബലഹീനരും ആശ്രിതരും ആയി സൃഷ്ടിക്കപ്പെട്ടവരും ആണ്.

ഒരു സ്ത്രീയുടെ സവിശേഷതയിൽ ദൈവസൃഷ്ടമായ ഉൾവാഞ്ഛയും ദാഹവുംകൂടി ഉൾപ്പെടുന്നു. ഒരു പുരുഷന് സഹായി എന്ന നിലയിൽ ഒരു ഭാര്യയെ തീർച്ചയായും ആവശ്യമാണ്. എന്നാൽ ഒരു സ്ത്രീക്ക് ഭർത്താവിനെ അതിലേറെ ആവശ്യമാണ്. ഒരു സ്ത്രീക്ക് സംതൃപ്തിക്കായുള്ള വാഞ്ഛയും ആഗ്രഹവും എപ്പോഴും ഉണ്ടായിരിക്കും. പുരുഷന്റെയും സ്ത്രീയുടെയും മനുഷ്യപ്രകൃതിയിൽ എപ്പോഴും തൃപ്തിക്കായിട്ടുള്ള അന്തർദാഹം ഉണ്ടായിരിക്കും. കർത്താവ് ആ ദാഹത്തെ സൃഷ്ടിച്ചത് നാം അവനെ അന്വേഷിക്കുവാനാണ്. നിങ്ങൾക്ക് എപ്പോഴും ദാഹം അനുഭവപ്പെടുന്നു; നിങ്ങൾക്ക്

എപ്പോഴും അകമേ ഇല്ലായ്മ അനുഭവപ്പെടുന്നു. നിങ്ങൾ ഒരു സ്ത്രീയാണ് എന്നതിന്റെ ലക്ഷണങ്ങൾ ആണിവ. മറ്റുള്ളവരിൽ ആശ്രയിക്കുവാനുള്ള നിങ്ങളുടെ ആവശ്യം, നിങ്ങളുടെ ആശ്രയബോധം, ബലഹീനത, തൃപ്തിക്കായുള്ള ദാഹം എന്നിവയെല്ലാം നിങ്ങൾ ഒരു സ്ത്രീയാണ് എന്ന് സൂചിപ്പിക്കുന്നു.

## A. രക്ഷകന് പാപിയുടെ സ്ഥലത്തുകൂടി "കടന്നുപോകേണ്ടി വന്നു"

നാം 4:4 വളരെ ഏറെ ശ്രദ്ധിക്കണം. അവന് ശമര്യയിൽക്കൂടി കടന്നുപോകേണ്ടിവന്നു. പോകേണ്ടിവന്നു എന്നതാണ് ഈ വാക്യത്തിലെ പ്രധാന വാക്ക്. സംശയലേശമന്യേ, ഈ ശമര്യക്കാരി സ്ത്രീ കഴിഞ്ഞകാല നിത്യതയിൽ പിതാവായ ദൈവത്താൽ മുന്നറിയപ്പെട്ടവളും മുൻനിർണയിക്കപ്പെട്ടവളും ആയിരുന്നു(റോമ.8:29). തീർച്ചയായും, പിതാവായിരുന്നു കർത്താവായ യേശുവിന് അവളെ നൽകിയത്(6:39). ഇപ്രകാരം ബലഹീനയും അധമയും അസന്മാർഗ്ഗിയും ആയ ശമര്യക്കാരി സ്ത്രീയെ പിതാവ് കർത്താവിന് നല്കി. അതുകൊണ്ട്, പിതാവിന്റെ ഇഷ്ടം നിറവേറ്റുവാൻ ഭാരപ്പെട്ട് കർത്താവ് ശമര്യയിലേക്ക് പോയി. പിന്നീട്, അവൻ തന്റെ ശിഷ്യന്മാരോട്,"എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നത് തന്നെ എന്റെ ആഹാരം,"എന്നു പറഞ്ഞു(4:34). ആ അസന്മാർഗ്ഗിയായ ശമര്യക്കാരി സ്ത്രീയെ കണ്ടെത്തുക എന്ന ദൈവേഷ്ടം തികയ്ക്കുവാൻ കർത്താവ് ശമര്യയിലേക്ക് പോയി. അവൾ പിതാവിനെ ആരാധിക്കുന്ന ഒരുവൾ ആയിത്തീരുവാൻ അവൻ അവളെ അന്വേഷിച്ചു. കർത്താവ് മനഃപൂർവ്വമായി അവിടെ പോകുവാൻ തക്കവണ്ണം ആ ഒരു ദേഹി വിലയുള്ളതായിരുന്നു. ചരിത്രം അനുസരിച്ച്, ഒരു യെഹൂദനും ശമര്യയിൽക്കൂടെ കടന്നുപോകുകയില്ലായിരുന്നു. ശമര്യ യിസ്രായേലിന്റെ വടക്കൻ മേഖലയിലെ സുപ്രധാന സ്ഥലവും അതിന്റെ തലസ്ഥാനവും ആയിരുന്നു(1 രാജാ.16:24,29). ബി.സി.700-ന് മുമ്പ് അസീറിയക്കാർ ശമര്യ പിടിച്ചടക്കുകയും ബാബിലോണിൽനിന്നും മറ്റ് വിജാതീയ രാജ്യങ്ങളിൽനിന്നും ആളുകളെ ശമര്യാ പട്ടണങ്ങളിലേക്ക് കൊണ്ടുവരികയും ചെയ്തു(2 രാജാ.17:6,24). അക്കാലം മുതൽ വിജാതീയരും യെഹൂദന്മാരുമായി കലർന്ന്, ശമര്യക്കാർ കലർന്ന രക്തമുള്ളവരായി. അവർക്ക് പഞ്ചഗ്രന്ഥങ്ങൾ(മോശയുടെ അഞ്ച് പുസ്തകങ്ങൾ) ലഭിച്ചിരുന്നു എന്നും പഴയനിയമത്തിലെ ആ ഭാഗം അനുസരിച്ച് അവർ ദൈവത്തെ ആരാധിച്ചിരുന്നു എന്നും ചരിത്രം പറയുന്നു. എന്നാൽ, അവരെ യെഹൂദജനത്തിന്റെ ഒരു ഭാഗമായി യെഹൂദന്മാർ ഒരിക്കലും അംഗീകരിച്ചില്ല.

യെഹൂദന്മാർ ഒരിക്കലും ശമര്യയിലൂടെ കടന്നുപോകുകയില്ലായിരുന്നുവെങ്കിലും, കർത്താവായ യേശു അപ്രകാരം ചെയ്യുവാനായി ഭാരപ്പെട്ടു. അവന് അവിടെ പോകേണ്ടിവന്നത്, ഭൂമിശാസ്ത്രപരമായി

ആവശ്യമായിരുന്നതുകൊണ്ടല്ല, പിതാവിന്റെ ഇഷ്ടം കാരണമായിരുന്നു. പിതാവിന്റെ ഇഷ്ടം നിമിത്തം അവന് ആ ദേശത്തുകൂടി പോകേണ്ടതായി വന്നു. ഉച്ചനേരത്ത് ഒരു അസന്മാർഗ്ഗിയായ സ്ത്രീ കിണറിനരികെ ഉണ്ടാകുമെന്ന് കർത്താവിന് അറിയാമായിരുന്നു.

### B. രക്ഷകൻ പാപിയുടെ പരമ്പരാഗതമായ മതപരമായ അവകാശത്തിലേക്ക്-യാക്കോബിന്റെ കിണറിന്റെ അരികിലേക്ക്- വന്നു

നമുക്ക് 5-ഉം 6-ഉം വാക്യങ്ങൾ വായിക്കാം."അങ്ങനെ അവൻ സുഖാർ എന്നൊരു ശമര്യാ പട്ടണത്തിൽ, യാക്കോബ് തന്റെ പുത്രനായ യൗസേഫിന് കൊടുത്ത നിലത്തിനരികെ എത്തി. അവിടെ യാക്കോബിന്റെ ഉറവ ഉണ്ടായിരുന്നു. യേശു വഴിനടന്നു ക്ഷീണിച്ചിട്ട് ഉറവിനരികെ ഇരുന്നു; അപ്പോൾ ഏകദേശം ആറാം മണി നേരം ആയിരുന്നു."പറയൂ, ആരായിരുന്നു യാക്കോബിന്റെ കിണറിനരികെ ആദ്യം വന്നത്, പാപിയോ രക്ഷകനോ? രക്ഷകനായിരുന്നു അവിടെ ആദ്യം വന്നത് എന്നത് എത്ര അതിശയകരമാണ്! ആദ്യകാലങ്ങളിൽ ഈ അദ്ധ്യായം വായിക്കുമ്പോൾ അനേക കാര്യങ്ങൾ എന്നെ ആവേശഭരിതനാക്കിയിട്ടുണ്ട്. പിന്നീട് എന്റെ സുവിശേഷ പ്രസംഗത്തിൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി ശമര്യക്കാരി സ്ത്രീയെക്കുറിച്ച് ഞാൻ നീണ്ട ദൂത് നൽകിയിട്ടുണ്ട്. ആ സമയത്ത്, വീണുപോയ അസന്മാർഗ്ഗിയായ ആ ശമര്യക്കാരി സ്ത്രീക്ക് മുമ്പേ കർത്താവിന് കിണറിനരികിൽ പോകേണ്ടിവന്നു എന്ന് ഞാൻ കണ്ടു. അവൻ കിണറിനരികെ എത്തി, അവൾക്കായി കാത്തിരുന്നു.

കർത്താവ് സർവ്വാധികാരിയും ജ്ഞാനിയും ആയിരുന്നു. സ്ത്രീ വരുന്നതിനു മുമ്പ്, തന്റെ ശിഷ്യന്മാരെ പറഞ്ഞയക്കുന്നതിന് അവൻ നല്ലൊരു ന്യായം കണ്ടെത്തി. ശിഷ്യന്മാർ ആരെങ്കിലും അവിടെ ഉണ്ടായിരുന്നെങ്കിൽ അത് അത്ര നന്നല്ലായിരുന്നു. ആ അസന്മാഗ്ഗികയായ സ്ത്രീയോട് തന്റെ ഭർത്താക്കന്മാരെക്കുറിച്ച് സംസാരിക്കുമ്പോൾ കർത്താവിന് അത് അത്ര അവസരോചിതം ആകുമായിരുന്നില്ല. അതുകൊണ്ട്, കർത്താവ് തന്റെ സർവ്വാധികാരത്തിലും ജ്ഞാനത്തിലും ശിഷ്യന്മാരെ ഭക്ഷണം വാങ്ങുന്നതിനായി പട്ടണത്തിലേക്ക് അയച്ചു. ഒരു വേള കർത്താവ് ഇപ്രകാരം ചിന്തിച്ചിരിക്കും,"ദയവായി എന്നെ തനിച്ചു വിടുക. ഞാൻ ആ അസന്മാർഗ്ഗിയായ സ്ത്രീക്കുവേണ്ടി കാത്തിരിക്കുകയാണ്. അവൾ അത്ര അസന്മാർഗ്ഗി ആയതുകൊണ്ട് അവൾ ആരെയും കാണുവാനോ സംസാരിക്കുവാനോ ആഗ്രഹിക്കുന്നില്ല. എന്നാൽ ഞാൻ അവളുടെ ഭർത്താക്കന്മാരുടെ ചരിത്രം ഉപയോഗിച്ച് അവളുടെ മനഃസാക്ഷിയെ സ്പർശിക്കുവാൻ പോകുന്നു. നിങ്ങൾ ശിഷ്യന്മാർ മാറിപ്പോകണം."ഭക്ഷണം വാങ്ങണം എന്ന ന്യായത്തിലല്ലാതെ കർത്താവ് എങ്ങനെ ശിഷ്യന്മാരെ പറഞ്ഞുവിടും?

ശിഷ്യന്മാർ ഭക്ഷണം വാങ്ങുവാൻ പോയപ്പോൾ സ്ത്രീ വന്നു. ഒരു ചെറുപ്പക്കാരനെന്ന നിലയിൽ ഞാൻ ഈ ചിത്രം കണ്ടപ്പോൾ കർത്താവിനെ വന്ദിച്ചു. അർദ്ധരാത്രിയിൽ കർത്താവ് ഒരു വീട്ടിലായിരുന്നു എന്നും സ്ത്രീ അവനോട് സംസാരിക്കുവാൻ രാത്രിയിൽ വന്നു എന്നും ശിഷ്യന്മാർ അതു കണ്ടു എന്നും കരുതുക. അവർ ഇപ്രകാരം പറയുവാൻ സാദ്ധ്യതയുണ്ടായിരുന്നു, യേശുവേ, അങ്ങെന്താണിവിടെ ചെയ്യുന്നത്? താങ്കൾ മുപ്പതിനോടടുത്ത ഒരു പുരുഷനാണ്. ഇവൾ അപ്രകാരമുള്ള ഒരു സ്ത്രീയും. എന്താണിവിടെ നടക്കുന്നത്? തന്റെ അധികാരത്തിലും ജ്ഞാനത്തിലും കർത്താവ് നട്ടുച്ച നേരത്ത് തുറന്ന സ്ഥലത്ത് സ്ത്രീക്കായി കാത്തിരുന്നു. തുറന്ന സ്ഥലത്തായിരുന്നിട്ടും അവരുടെ സംഭാഷണം കേൾക്കുവാൻ ആരും ഉണ്ടായിരുന്നില്ല. കർത്താവും ശമര്യക്കാരി സ്ത്രീയും സംഭാഷണം പൂർത്തിയാക്കിയപ്പോൾ, ശിഷ്യന്മാർ മടങ്ങി വരികയും, അവരെ കാണുകയും ചെയ്തു. പക്ഷേ അവർക്ക് ഒന്നും പറയുവാൻ ഉണ്ടായിരുന്നില്ല. ആ സംഭാഷണം നടന്നത് ഒരു സ്വകാര്യ മുറിയിലായിരുന്നില്ല. അത് തുറന്ന സ്ഥലത്തായിരുന്നു. കർത്താവായ യേശു എത്ര ജ്ഞാനി ആയിരുന്നു!

ഇവിടുത്തെ കാര്യം ഇതാണ്: പാപി എവിടെയാണെന്ന് രക്ഷകന് അറിയാം. പാപിയുടെ ശരിയായ അവസ്ഥ അവന് അറിയാം. കർത്താവായ യേശു ചെന്നു, ശിഷ്യന്മാരെയെല്ലാം പറഞ്ഞുവിട്ട്, സ്ത്രീ വരുന്നതുവരെ കിണറിനരികെ കാത്തിരുന്നു. നിങ്ങളുടെ രക്ഷാനുഭവത്തിലേക്ക് നിങ്ങൾ തിരിഞ്ഞു നോക്കിയാൽ, ഒരു പരിധിവരെയെങ്കിലും ഈ തത്ത്വം പ്രവർത്തിച്ചു എന്ന് കാണാം. നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോയില്ല-കർത്താവ് നിങ്ങളുടെ അടുത്ത് വന്നു. നിങ്ങൾ എവിടെ ആയിരുന്നോ അവിടേക്ക് തന്നെ അവൻ ഇറങ്ങി വന്നു. ഞാൻ ജനിച്ചത് ചൈനയിലാണ്. എന്നാൽ കർത്താവായ യേശു അവിടെ വന്നു. ഒരു ദിവസം ഒരു പ്രത്യേക സ്ഥലത്ത് അവൻ എനിക്കായി കാത്തിരിക്കുകയും ഞാൻ അവനാൽ പിടിക്കപ്പെടുകയും ചെയ്തു. എങ്ങനെയായിരുന്നു നിങ്ങളുടേത്? നിങ്ങൾ രക്ഷകനെ കാണുവാനായി പോയില്ല, ശരിയല്ലേ? രക്ഷകൻ നിങ്ങളുടെ അടുത്ത് വന്നു. ചിലർ വാഹനാപകടത്തിന്റെ ഫലമായി രക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും, അപകടം നടക്കുന്നതിന് മുമ്പ് കർത്താവായ യേശു അവരെ കാണുവാനായി കാത്തിരിക്കുകയായിരുന്നു എന്നവർ മനസ്സിലാക്കണം. നാം എല്ലാവരും ഇപ്രകാരമാണ് രക്ഷിക്കപ്പെട്ടത്. ഇത് അതിശയകരമാണ്.

പാപി വരുവാനായി കർത്താവായ യേശു കാത്തിരുന്നപ്പോൾ, അവൻ ദാഹമുള്ളവൻ ആയിരുന്നു. ഇങ്ങനെ ഈ രണ്ടാമത്തെ ദൃഷ്ടാന്തത്തിൽ നാമൊരു ദാഹിക്കുന്ന രക്ഷകനെയും ദാഹിക്കുന്ന പാപിയെയും കാണുന്നു. നിങ്ങൾക്കാണ് ദാഹമുള്ളതെന്ന് നിങ്ങൾ ചിന്തി

ച്ചേക്കാം, നിങ്ങളുടെ ദാഹം രക്ഷകന്റെ ദാഹത്തിന്റെ സൂചനയാണ്. രക്ഷകൻ നമുക്കായി ദാഹിക്കുന്നു, കാരണം, നാം അവന് ദാഹം ശമിപ്പിക്കുന്ന വെള്ളമാണ്. നിങ്ങൾ രക്ഷകന്റെ ദാഹം ശമിപ്പിക്കുന്ന വെള്ളമാണെന്ന് നിങ്ങൾ ഗ്രഹിച്ചിട്ടുണ്ടോ? രക്ഷകൻ ഇപ്രകാരം പറയുന്നതായി തോന്നും,"നിങ്ങൾക്കല്ലാതെ, ഒന്നിനും എന്നെ തൃപ്തനാക്കുവാൻ കഴിയുകയില്ല. എനിക്ക് ദശലക്ഷക്കണക്കിന് മാലാഖമാർ സ്വർഗ്ഗത്തിലുണ്ട്. പക്ഷേ അവർക്കൊന്നും എന്നെ തൃപ്തനാക്കുവാൻ കഴിയുകയില്ല. ഞാൻ ഭൂമിയിൽ വന്നത് ദാഹം ശമിപ്പിക്കുന്ന വെള്ളം അന്വേഷിക്കുവാനാണ്. നിങ്ങളാണ് ആ വെള്ളം."നിങ്ങൾ വളരെ താഴ്മയുള്ളവനായി ഇപ്രകാരം പറഞ്ഞേക്കാം."അല്ല, അവനാണ് എന്റെ ജീവനുള്ള വെള്ളം. എനിക്ക് എങ്ങനെ അവന്റെ ദാഹം ശമിപ്പിക്കുന്ന വെള്ളമാകാൻ കഴിയും?"എന്നാലും കർത്താവിന് നിങ്ങളെ ആവശ്യമാണ്. കാരണം, നിങ്ങളില്ലാതെ അവന് ഒരിക്കലും തൃപ്തനാകുവാൻ കഴിയുകയില്ല.

ആദ്യം, രക്ഷകനും പാപിയും ദാഹമുള്ളവരായിരുന്നു. രക്ഷകൻ വിശപ്പുള്ളവനും ആയിരുന്നു. പാപി ദാഹം ഉള്ളവളായി തന്റെ ദാഹം ശമിപ്പിക്കുവാൻ വെള്ളം കോരുവാൻ വന്നു. രക്ഷകൻ വിശപ്പും ദാഹവും ഉള്ളവനായിരുന്നു. തനിക്ക് ഭക്ഷിക്കേണ്ടതിന് ആഹാരം വാങ്ങുവാൻ അവൻ ശിഷ്യന്മാരെ പറഞ്ഞയക്കുകയും പാപിയോട് കുടിക്കുവാൻ വെള്ളം ചോദിക്കുകയും ചെയ്തു. തുടർന്ന് രക്ഷകനോ പാപിയോ ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്തില്ല. എന്നിരുന്നാലും, ഇരുവരും സംതൃപ്തരായി. ഇത് അത്ഭുതകരമാണ്! പാപി രക്ഷകനിൽനിന്ന് കുടിക്കുകയും, രക്ഷകൻ പാപിയിൽനിന്ന് കുടിക്കുകയും, ഇരുവരും സംതൃപ്തരാകുകയും ചെയ്തു. ശിഷ്യന്മാർ അതിശയിച്ചു. അവർ ആഹാരവുമായി മടങ്ങി വന്നപ്പോൾ, അവനെ ഭക്ഷിക്കുവാനായി പ്രേരിപ്പിച്ചു. എന്നാൽ അവൻ പറഞ്ഞു,"നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിക്കുവാൻ എനിക്ക് ഉണ്ട്"(4:32). രക്ഷകന്റെ ജീവനുള്ള വെള്ളംകൊണ്ട് പാപിക്ക് തൃപ്തി വരുകയും, പാപിക്ക് തൃപ്തി വരുത്തുക എന്ന ദൈവേഷ്ടത്താൽ രക്ഷകൻ തൃപ്തനാകുകയും ചെയ്തു. പാപിയെ തൃപ്തനാക്കുക എന്ന ദൈവേഷ്ടം ചെയ്യുകയാണ് രക്ഷകന്റെ ആഹാരം. ഓ, കർത്താവ് രക്ഷകനെന്ന നിലയിൽ എനിക്കും നിങ്ങൾക്കും വേണ്ടി ദാഹിച്ചിരുന്നു. ഒരു ദിവസം അവന് നമ്മെ ലഭിക്കുകയും അവൻ സംതൃപ്തനാകുകയും ചെയ്തു.

## C. പാപി തന്റെ മതപരമായ അവകാശത്തിലേക്ക് വന്നു

പാപി അവളുടെ മതപരമായ പാരമ്പര്യത്തിലേക്ക് തന്റെ തൃപ്തിക്കായി വെള്ളം കോരുവാൻ വന്നു. അവൾ വെള്ളം കോരുവാൻ തുടങ്ങുമ്പോൾ രക്ഷകൻ തന്റെ തൃപ്തിക്കായി അവളോട് വെള്ളം ആവശ്യപ്പെട്ടു. കർത്താവ് നിങ്ങളോട് എന്തെങ്കിലും ആവശ്യപ്പെടുമ്പോൾ,

അത് സൂചിപ്പിക്കുന്നത് അവന് അത് ആവശ്യമാണെന്നും നിങ്ങൾക്കും അത് ആവശ്യമാണെന്നും ആണ്. നിങ്ങൾക്ക് ദാഹമുള്ളപ്പോൾ കർത്താവും ദാഹമുള്ളവനാണ്. കർത്താവ് നിങ്ങളോട് ഒരു കാര്യം ആവശ്യപ്പെടുമ്പോൾ നിങ്ങളും അതേ കാര്യം ആവശ്യമുള്ളവനായിരിക്കും. ഇത് വളരെ അർത്ഥവത്താണ്. നിങ്ങൾ ഭവനരഹിതനായിരിക്കുമ്പോൾ, അവനും ഭവനരഹിതനായിരിക്കും. അവൻ ഭവനരഹിതനായിരിക്കുമ്പോൾ, നിങ്ങളും ഭവനരഹിതനായിരിക്കും.

## II. മതപാരമ്പര്യത്തിന്റെ വ്യർത്ഥതയും ജീവന്റെ ജീവനുള്ള വെള്ളത്തിന്റെ നിറവും

9 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ മതപാരമ്പര്യത്തിന്റെ വ്യർത്ഥതയും ജീവന്റെ ജീവനുള്ള വെള്ളത്തിന്റെ നിറവും തമ്മിലുള്ള വൈരുദ്ധ്യം നാം കാണുന്നു. ശമര്യക്കാരി സ്ത്രീ കർത്താവായ യേശുവിനോട് ചോദിച്ചു:"നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ? അവൻ ആകുന്നു ഈ കിണർ ഞങ്ങൾക്ക് തന്നത്. അവനും മക്കളും മൃഗങ്ങളും ഇതിലെ വെള്ളം കുടിച്ചുപോന്നു"(4:12). മതത്തിന്റെ പിതാവ് ഏറ്റവും മഹാനായി കരുതപ്പെട്ടിരുന്നു എന്ന് ഈ ചോദ്യത്തിൽ നാം കാണുന്നു. ശമര്യക്കാർ യാക്കോബിനെ ഏറ്റവും മഹാനായി കരുതി, അവൻ ഏറ്റവും മഹാനെന്ന് ചിന്തിച്ച് അവർ അവനെ പിതാമഹനായി സ്വീകരിച്ചു.

ശമര്യക്കാരി സ്ത്രീ യാക്കോബിന്റെ കിണറിനെയും അത്യുത്തമമായി കരുതി. ഇത് സൂചിപ്പിക്കുന്നത് മതത്തിന്റെ പാരമ്പര്യസ്വത്ത് ഏറ്റവും ഉന്നതമായി എപ്പോഴും കരുതപ്പെടുന്നു എന്നാണ്.

ശമര്യക്കാരി സ്ത്രീ കർത്താവിനോട്,"നിനക്ക് കോരുവാൻ പാത്രം ഇല്ലല്ലോ, പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെനിന്ന് ലഭിക്കും?"എന്ന് പറഞ്ഞു(വാ.11). ഇത് സൂചിപ്പിക്കുന്നത് മതത്തിന്റെ മാർഗ്ഗം ഏറ്റവും മുന്നിട്ടു നിൽക്കുന്നതായി കരുതപ്പെടുന്നു എന്നാണ്. മതം അതിന്റെ മാർഗ്ഗം ഏറ്റവും മുന്നിട്ടു നിൽക്കുന്നതായി കരുതുന്നുവെങ്കിലും മതത്തിന്റെ "വെള്ളം"മതാനുസാരികളുടെ ദാഹം ഒരിക്കലും ശമിപ്പിക്കുന്നില്ല."ഈ വെള്ളം കുടിക്കുന്നവന് എല്ലാം പിന്നെയും ദാഹിക്കും,"എന്ന 13-ാം വാക്യത്തിലെ കർത്താവിന്റെ മറുപടി ഇത് തെളിയിക്കുന്നു.

മതത്തിന്റെ പിതാവിനെക്കാൾ ക്രിസ്തു വലിയവനാണ്."അതിനു യേശു അവളോട്: ദൈവത്തിന്റെ ദാനവും, നിന്നോടു കുടിക്കുവാൻ ചോദിക്കുന്നവൻ ആരെന്നും നീ അറിഞ്ഞുവെങ്കിൽ, നീ അവനോട് ചോദിക്കുകയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു, എന്ന് ഉത്തരം പറഞ്ഞു"(4:10). നിങ്ങൾ ചൈനയിൽ സുവി

ശേഷം അറിയിക്കുകയാണെങ്കിൽ ആളുകൾ നിങ്ങളോട് കൺഫ്യൂഷ്യസിനെക്കുറിച്ച് പറയും. എല്ലാ ജാതികളും ഗോത്രങ്ങളും ആരെയെങ്കിലും വലിയവനായി അവകാശപ്പെടുന്നു. എന്നാൽ ആരും ക്രിസ്തുവിനെക്കാൾ വലിയവനല്ല. ക്രിസ്തു യാക്കോബിനെക്കാളും കൺഫ്യൂഷ്യസിനെക്കാളും പ്ലേറ്റോയെക്കാളും മറ്റേതൊരു പിതാമഹനെക്കാളും വലിയവനാണ്.

കൂടാതെ ദൈവത്തിന്റെ ദാനം മതത്തിന്റെ പിൻതുടർച്ചാവകാശത്തെക്കാൾ മികച്ചതാണ്. നിങ്ങൾ യാക്കോബിന്റെ കിണറോ അതോ, ദൈവത്തിന്റെ ദാനമോ ഏത് ലഭിക്കാൻ ഇഷ്ടപ്പെടുന്നു? എന്താണ് ദൈവത്തിന്റെ ദാനം? ക്രിസ്തുവാണ് ദൈവത്തിന്റെ ദാനം എന്ന് നിങ്ങൾ പറഞ്ഞാൽ, ആ ഉത്തരം പൂർണ്ണമായും കൃത്യമല്ല. ദൈവത്തിന്റെ കൃപാവരം നിത്യജീവൻ എന്നു റോമർ 6:23 പറയുന്നതിനാൽ ദിവ്യജീവനാണ് ദൈവത്തിന്റെ ദാനം. ഈ ദിവ്യജീവൻ നമ്മിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവ ആയിത്തീരും(വാ.14). ഈ ദിവ്യജീവൻ യാക്കോബിന്റെ കിണറിനെക്കാൾ വളരെ മികച്ചതാണ്. നിങ്ങളിന്ന് പാലസ്തീനിൽ യാക്കോബിന്റെ കിണർ സന്ദർശിച്ചാൽ, അതൊരു അർമേനിയൻ പുരോഹിതന്റെ കൈവശത്തിലാണെന്ന് കാണും. ഞാൻ അവിടം സന്ദർശിച്ചപ്പോൾ യാക്കോബിന്റെ കിണറിൽനിന്ന് ഒരു കപ്പ് വെള്ളം വേണ്ടവർക്ക്, രണ്ടു ഡോളർ കൊടുക്കണമായിരുന്നു. എന്നാൽ അതെല്ലാം പാരമ്പര്യവും നിരർത്ഥകവുമാണ്. മറ്റെവിടത്തെയും വെള്ളം പോലെയാണ് ആ കിണറ്റിലെ വെള്ളവും.

"ചോദിക്കുക"എന്നത് മതത്തിന്റെ മാർഗ്ഗത്തേക്കാൾ മുന്നിട്ടു നിൽക്കുന്നു. ദൈവത്തിന്റെ ജീവനുള്ള വെള്ളം നമ്മുടെ ദാഹം ശമിപ്പിക്കുകയും അത് നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരുകയും ചെയ്യും. ജീവനാൽ മരണത്തിന്റെ ദാഹം ശമിപ്പിക്കപ്പെട്ടു. തത്ത്വത്തിൽ ഇത് മരണത്തെ ജീവനാക്കി മാറ്റുകയും ചെയ്യുന്നു.

കർത്താവായ യേശു ശമര്യക്കാരി സ്ത്രീയോട്,"ഈ വെള്ളം കുടിക്കുന്നവന് എല്ലാം പിന്നെയും ദാഹിക്കും"എന്ന് പറഞ്ഞു(4:13). ഇതിന്റെ അർത്ഥം അഗാധമാണ്. ഇവിടെ"വെള്ളം"സൂചിപ്പിക്കുന്നത് ഭൗതികകാര്യങ്ങളുടെയും ലോകവിനോദങ്ങളുടെയും ആസ്വാദനമാണ്. ഈ ഭൗതികവും ലൗകികവുമായ മനുഷ്യന്റെ ഉള്ളിലെ ദാഹം ശമിപ്പിക്കുവാൻ ഇവയ്ക്കൊന്നും കഴിയുകയില്ല. എന്നാൽ ഈ ഭൗതികവും ലൗകികവുമായ വെള്ളം കുടിക്കുന്തോറും, അവന് വീണ്ടും ദാഹിക്കും. ഈ വെള്ളങ്ങൾ കുടിക്കുന്തോറും, അവന്റെ ദാഹം വർദ്ധിക്കുന്നു. ഉദാഹരണത്തിന്, വിദ്യാഭ്യാസത്തിൽ ആളുകൾ കൂടുതൽ ഉന്നതമായ ബിരുദങ്ങൾ ആഗ്രഹിക്കുന്നു. ഒരു ബിരുദം ലഭിച്ചു

കഴിഞ്ഞാൽ അവർ മാസ്റ്റർ ബിരുദം ആഗ്രഹിക്കുന്നു. അത് കഴിഞ്ഞാൽ ഡോക്ടർ ബിരുദം. മറ്റു ചിലർ സേവിംഗ്സ് അക്കൗണ്ടിൽ പതിനായിരം ഡോളർ ഉണ്ടാക്കുവാൻ ആശിക്കുന്നു. അതു കഴിഞ്ഞാൽ ഒരു ലക്ഷം ഡോളർ. ഒരു ലക്ഷം ആയാൽ പത്തു ലക്ഷം. ഈ ഭൂമിയിലെ വെള്ളം കുടിക്കുന്തോറും നിങ്ങൾ കൂടുതൽ ദാഹമുള്ളവനാകുന്നു. ലോകപ്രകാരമുള്ള വെള്ളംകൊണ്ട് നിങ്ങളുടെ ദാഹം ശമിപ്പിക്കുവാൻ ഒരിക്കലും ശ്രമിക്കരുത്. ശമര്യക്കാരി സ്ത്രീക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നിട്ടും, ഭർത്താവല്ലാത്ത ഒരുവനോടുകൂടെ ജീവിച്ചിട്ടും, അവൾ തൃപ്തയായിരുന്നില്ല. അവളുടെ ദാഹം ശമിപ്പിക്കുവാൻ ഒന്നിനും കഴിഞ്ഞില്ല. ചില സഹോദരിമാർ വസ്ത്രങ്ങൾ ഇഷ്ടപ്പെടുന്നു. എന്നാൽ, ഒരു സ്ത്രീക്കും ഏതുതരം വസ്ത്രം കൊണ്ടും തൃപ്തി വരുന്നില്ല. നിങ്ങൾ ഒന്ന് വാങ്ങിക്കഴിഞ്ഞാൽ, രണ്ടാമതൊന്നും മൂന്നാമതൊന്നും ആഗ്രഹിക്കും. പത്തു ജോഡി ചെരിപ്പുകൾ നിങ്ങൾക്കുണ്ടെങ്കിൽ പതിനഞ്ചു ജോഡി നിങ്ങൾ ആഗ്രഹിക്കും. പതിനഞ്ച് ജോഡിയിലധികം ഷൂസുകളുള്ള ചില സ്ത്രീകൾ, അപ്പോഴും തൃപ്തരല്ല. ഇത്തരം വെള്ളം മനുഷ്യനെ ഒരിക്കലും തൃപ്തനാക്കുകയില്ല. മനുഷ്യരെ നിത്യതയോളം സംതൃപ്തരാക്കുന്ന ഒരു വെള്ളമേയുള്ളൂ-കർത്താവായ യേശു. ഇന്നും നാളെയും നിത്യതയോളവും, ക്രിസ്തു തൃപ്തി നൽകുന്നു. അവൻ എന്നും പുതിയവനാണ്, എന്നും പുതുമയുള്ളവനാണ്. അവൻ എന്നും തൃപ്തി നൽകുന്നു. അതുകൊണ്ട്, താൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ലെന്നും അത് അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങി വരുന്ന നീരുറവ ആയിത്തീരുമെന്നും കർത്താവിന് ശമര്യക്കാരി സ്ത്രീയോട് പറയുവാൻ കഴിഞ്ഞു.